കേരള സർക്കാർ

**<u>സംഗ്രഹം</u>**

എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് പാട്ടത്തിന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

സ.ഉ.(സാധാ) നം. 259/2019/തസ്വഭവ തീയതി, തിരുവനന്തപുരം : 05 .02. 2019

പരാമർശം :- 1. കൂത്താട്ടുകുളം നഗരസഭാ ചെയർമാന്റെ 23.06.2018 ലെ എ 3 (ജി2)-7920/16 നമ്പർ കത്ത്.

2. കൂത്താട്ടുകുളം നഗരസഭാ കൗൺസിലിന്റെ 03.09.2018 ലെ 15-ാം നമ്പർ തീരുമാനം.

3. നഗരകാര്യ ഡയറക്ടറുടെ 01.10.2018 ലെ ജി3-16385/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൂത്താട്ടുകുളം നഗരസഭാ പരിധിയിലെ പഴയ സസ്യ മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം തീയറ്ററും വാണിജ്യ സമുച്ചയവും പണിയുന്നതിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുന്നതിന് സർക്കാർ അനുമതി ആവശ്യപ്പെട്ട് നഗരസഭാ ചെയർമാൻ, പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. കൂത്താട്ടുകുളം നഗരസഭയുടെ അധീനതയിലുള്ള , കൂത്താട്ടുകുളം വില്ലേജിലെ 595/3-2, 595/4-1 എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ട 50 സെന്റ് സ്ഥലം ആധുനിക രീതിയിലുള്ള തീയറ്റർ സമുച്ചയം പണിയുന്നതിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് പാട്ടത്തിന് നൽകുവാൻ പരാമർശം (1) പ്രകാരം നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും, പ്രസ്തുത സ്ഥലം കൂത്താട്ടുകുളം നഗരസഭ പഞ്ചായത്തായിരുന്ന കാലഘട്ടത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങിയതാണെന്നും, മാർക്കറ്റിനായി നഗരസഭ വേറെ സ്ഥലം കണ്ടെത്തി അവിടെ മാർക്കറ്റ് പ്രവർത്തിച്ചു വരുന്നുണ്ട് എന്നും, മേൽ ആവശ്യം നിയമാനുസൃതം പരിഗണിക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ അറിയിച്ചു.

3. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കൂത്താട്ടുകുളം വില്ലേജിലെ 595/3-2, 595/4-1 എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ടതും കൂത്താട്ടുകുളം നഗരസഭയുടെ ഉടമസ്ഥതയിലുള്ളതുമായ 50 സെന്റ് സ്ഥലം, തീയറ്റർ സമുച്ചയം നിർമ്മിക്കുന്നതിനായി, പാട്ട വ്യവസ്ഥയിൽ, നിയമാനുസൃത കരാർ പ്രകാരം, മുപ്പത് വർഷത്തേയ്ക്ക്, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് വിട്ടുനൽകുന്നതിന് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 215(1) പ്രകാരം കൂത്താട്ടുകുളം നഗരസഭയ്ക്ക് അനുമതി

നൽകി ഉത്തരവാകുന്നു. വസ്തുവിന്റെ കൈമാറ്റം 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം, അനുബന്ധം III ലെ ഫാറം 3 ന് അനുസൃതമാണെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**മുഹമ്മദ് റിയാസ്**

ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ അനൂപ് ജേക്കബ് എം.എൽ.എ. (പിറവം) [ആമുഖ കത്ത് സഹിതം].

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ചെയർമാൻ / സെക്രട്ടറി, കൂത്താട്ടുകുളം നഗരസഭ, എറണാകുളം.

മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഡി.സി., തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ.ബി.എ/എ&ഇ), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ